**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5012** **20-03-2025 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എസ്.ടി (ജൂനിയർ അറബിക്) തസ്തികമാറ്റ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എച്ച്.എസ്.എസ്.ടി (ജൂനിയർ അറബിക്) തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമനത്തിനായി കൊല്ലം ജില്ലയിലെ പോരുവഴി ഗവ: ഹൈസ്കൂൾ അറബിക് അദ്ധ്യാപിക ഹഫ്സത്ത് സി.പി. സമർപ്പിച്ച അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുമോ; | (എ) | എച്ച്.എസ്.എസ്.ടി. ജൂനിയർ അറബിക് തസ്തികയിലെ 01/01/2016 മുതൽ 28/12/2020 വരെയുള്ള കാലയളവിൽ ഉണ്ടായിട്ടുള്ള NJD വേക്കൻസിയിലേയ്ക്ക് പരിഗണിക്കണം എന്നാണ് ശ്രീമതി ഹഫ്സത്. സി.പി.യുടെ അപേക്ഷയിലെ ആവശ്യം. 10.03.2025-ലെ സഉ(അച്ചടി) നം.10/2025/പൊ.വി.വ. ഉത്തരവ് പ്രകാരം പി.എസ്.സി. നിർദ്ദേശിച്ച പ്രകാരമുള്ള ഭേദഗതി ചട്ടത്തിൽ വരുത്തുന്നതുവരെ 28/12/2020 വരെ നടത്തിയ തസ്തികമാറ്റ നിയമനങ്ങളിലെ എൻ.ജെ.ഡി. ഒഴിവുകൾ നികത്തുന്നതിനും അതിനു തുടർച്ചയായി സീനിയോരിറ്റി അടിസ്ഥാനത്തിൽ 28/12/2020 -ന് ശേഷമുള്ള എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികമാറ്റ നിയമനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും തസ്തികമാറ്റ നിയമനത്തിന് യോഗ്യരായവർ ഇല്ലാത്ത പക്ഷം ടി ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യുവാനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ഹഫ്സത്. സി.പി.യുടെ പരാതി പരിഹരിക്കുന്നതിനുള്ള നടപടി പരിശോധിച്ചുവരുന്നു. |
| (ബി) | 01.01.2016 മുതൽ 28.12.2020 വരെ എച്ച്.എസ്.എസ്.ടി (ജൂനിയർ അറബിക്) തസ്തികയിൽ ഉണ്ടായ ഒഴിവുകളിൽ തസ്തികമാറ്റ നിയമനത്തിനായി നീക്കിവെച്ചിട്ടുള്ള മുഴുവൻ ഒഴിവുകളും 10.08.2022-ൽ തസ്തികമാറ്റ നിയമനത്തിനായി തയ്യാറാക്കിയിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | 10.03.2025ലെ സഉ(അച്ചടി) നം.10/2025/ പൊ.വി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നത്. |
| (സി) | എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയിലെ തസ്തികമാറ്റ നിയമനം പി.എസ്.സി മുഖേന | (സി) | 01.07.2023-ലെ ജി.ഒ(പി) നമ്പർ 08/2023/ പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഹയർ സെക്കന്ററി സബോർഡിനേറ്റ് സർവ്വീസസ് |

| | | | |
|---|---|---|---|
| | നടത്തുന്നത് സംബന്ധിച്ച ചട്ട ഭേദഗതി നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ; | | സ്പെഷ്യൽ റൂൾസ്-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് എച്ച്.എസ്.എ/ യു.പി.എസ്.എ/ എൽ.പി.എസ്.എ. മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽ നിന്നുള്ള തസ്തികമാറ്റ നിയമനങ്ങൾ കെ.പി.എസ്.സി. മുഖേന നികത്തുന്നതിന് ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ചട്ടഭേദഗതി പ്രകാരം നിയമനങ്ങൾ നടത്തുന്നതിൽ ചില തടസ്സങ്ങൾ ഉണ്ടെന്ന് പി.എസ്.സി. അറിയിച്ചതിനെ തുടർന്ന് 10.03.2025 -ലെ സഉ(അച്ചടി) നം. 10/2025/പൊ.വി.വ. ഉത്തരവ് പ്രകാരം പി.എസ്.സി നിർദ്ദേശിച്ച പ്രകാരമുള്ള ഭേദഗതി ചട്ടത്തിൽ വരുത്തുന്നതുവരെ, ബഹു. കേരള നിയമസഭാസമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 28/12/2020- വരെ നടത്തിയ തസ്തികമാറ്റ നിയമനങ്ങളിലെ എൻ.ജെ.ഡി. ഒഴിവുകൾ നികത്തുന്നതിനും അതിനു തുടർച്ചയായ സീനിയോരിറ്റി അടിസ്ഥാനത്തിൽ 28/12/2020 ശേഷമുള്ള എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികമാറ്റ നിയമനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും തസ്തികമാറ്റ നിയമനത്തിന് യോഗ്യരായവർ ഇല്ലാത്ത പക്ഷം ടി ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യുവാനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിലെ തസ്തികമാറ്റ നിയമനം പി.എസ്.സി. മുഖേന നടത്തുന്നത് പുന: പരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഹയർ സെക്കണ്ടറി ജൂനിയർ തസ്തികയിലേക്കുള്ള നിയമനത്തിനായി നീക്കിവെച്ചിട്ടുള്ള ഒഴിവുകൾ ഫീഡർ കാറ്റഗറിയിലെ അവരുടെ സീനിയോറിറ്റി അടിസ്ഥാനപ്പെടുത്തി നികത്തുന്ന തരത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | 01.07.2023-ലെ ജി.ഒ(പി) നമ്പർ 08/2023/ പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഹയർ സെക്കന്ററി സബോർഡിനേറ്റ് സർവ്വീസസ് സ്പെഷ്യൽ റൂൾസ്-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് എച്ച്.എസ്.എ/ യു.പി.എസ്.എ/ എൽ.പി.എസ്.എ. മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽ നിന്നുള്ള തസ്തികമാറ്റ നിയമനങ്ങൾ കെ.പി.എസ്.സി. മുഖേന നികത്തുന്നതിന് ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ചട്ടഭേദഗതി പ്രകാരം നിയമനങ്ങൾ നടത്തുന്നതിൽ ചില തടസ്സങ്ങൾ ഉണ്ടെന്ന് പി.എസ്.സി. അറിയിച്ചതിനെ തുടർന്ന് 10.03.2025 -ലെ സഉ(അച്ചടി) നം. 10/2025/പൊ.വി.വ. ഉത്തരവ് പ്രകാരം പി.എസ്.സി നിർദ്ദേശിച്ച പ്രകാരമുള്ള ഭേദഗതി ചട്ടത്തിൽ വരുത്തുന്നതുവരെ, ബഹു. കേരള നിയമസഭാസമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 28/12/2020- വരെ നടത്തിയ തസ്തികമാറ്റ നിയമനങ്ങളിലെ എൻ.ജെ.ഡി. ഒഴിവുകൾ നികത്തുന്നതിനും അതിനു തുടർച്ചയായ സീനിയോരിറ്റി അടിസ്ഥാനത്തിൽ 28/12/2020 ശേഷമുള്ള എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികമാറ്റ നിയമനങ്ങൾ അടിയന്തരമായി |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കുന്നതിനും തസ്തികമാറ്റ നിയമനത്തിന് യോഗ്യരായവർ ഇല്ലാത്ത പക്ഷം ടി ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യുവാനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ